# കുടുംബശ്രീ ജില്ലാ മിഷൻ
# പത്തനംതിട്ട

## നിരണം സി.ഡി.എസ്

## <u>കോവിഡ് 19 പ്രവർത്തനം</u>

Submitted by

ധനേഷ് എം പണിക്കർ(7025355299)

ബ്ലോക്ക് കോ ഓർഡിനേറ്റർ

എംഇ & മാർക്കറ്റിങ്

പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറേ ഭാഗത്ത് ആലപ്പുഴ ജില്ലയോട് അതിർത്തി പങ്കിടുന്ന കൊച്ചു ഗ്രാമമാണ് നിരണം,അപ്പർ കുട്ടനാടിന്റെ ഭാഗമായ ഈ പ്രദേശം പുളിക്കീഴ് ബ്ലോക്കിലെ ഏറ്റവും ചെറിയ ഗ്രാമ പഞ്ചായത്ത് ആണ് .

1953 ൽ രൂപീകൃതമായ ഈ പഞ്ചായത്തിന് 13.17 ച.കിലോ മീറ്റർ ആണ് വിസ്തീർണം കുടുംബശ്രീയുടെ ഭാഗമായി ദരിദ്രനിർമാർജനം ലക്ഷ്യം വച്ചുകൊ ് സ്ത്രീ കളുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ നിരണം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടു ് അത്തരം പ്രധാന വികസന പ്രവർത്തനങ്ങളാണ് ന്യൂട്രിമിക്സ് , തയ്യൽ യൂണിറ്റുകൾ , കാറ്ററിംഗ് യൂണിറ്റുകൾ , ഹരിതകർമ്മസേന , പ്ലാന്റ് നഴ്സറി , സംഘ കൃഷി യൂണിറ്റുകൾ തുടങ്ങിയവ. വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ വളരെ കുറവായ ഇവിടെ വർഷത്തിൽ ആറു മാസത്തോളം താഴ്ന്ന പ്രദേശങ്ങളും വയലുകളും വെള്ളപ്പൊക്ക ഭീഷണിയിലാണ് .

**പൊതു വിവരങ്ങൾ**

വില്ലജ് : നിരണം

ബ്ലോക്ക് : പുളിക്കീഴ്

താലൂക്ക് : തിരുവല്ല

അസംബ്ലി മണ്ഡലം : തിരുവല്ല

പാർലമെൻറ് മണ്ഡലം : പത്തനംതിട്ട

അതിരുകൾ : കിഴക്ക് :കടപ്ര ഗ്രാമ പഞ്ചായത്ത്

പടിഞ്ഞാറ് :വീയ പുരം ഗ്രാമ പഞ്ചായത്ത്

തെക്ക് :മാന്നാർ ഗ്രാമ പഞ്ചായത്ത്

വടക്ക് : തലവടി ഗ്രാമ പഞ്ചായത്ത്

വാർഡ് : 13

ജനസംഖ്യ : 11548

പുരുഷന്മാർ :5875

സ്ത്രീകൾ :4582

സി ഡി എസ് രെജിസ്ട്രേഷൻ നമ്പർ : P312/02A

അയൽക്കൂട്ടങ്ങൾ :157

അയൽക്കൂട്ട അംഗങ്ങൾ : 2352

വയോജന അയൽക്കൂട്ടം :26

ഭിന്നശേഷി അയൽകൂട്ടം :1

ബാലസഭ :13

സംരംഭങ്ങൾ :34

ജെ എൽ ജി ഗ്രൂപ്പ് :48

കോവിഡ് 19 ൻറെ പശ്ചാലത്തിൽ സംസ്ഥാനത്ത് സർക്കാർ സംവിധാനങ്ങളെല്ലാം കുറ്റമറ്റരീതിയിൽ പ്രവർത്തിച്ചു കൊ ിരിക്കുകയാണ് ,അതിൽ നിന്ന് ഒട്ടും വിഭിന്നമല്ല തദ്ദേശ സ്വയം ഭരണവകുപ്പിന്റെ ഭാഗമായുള്ള കുടുംബശ്രീ സംവിധാനവും . ഓരോ ഗ്രാമത്തിന്റെയും പ്രാദേശികമായ സാഹചര്യങ്ങൾക്കും അവിടത്തെ ആവശ്യകതകൾക്കും അനുസരിച്ച് കുടുംബശ്രീ പ്രവർത്തകരും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നു. അത്തരത്തിൽ നിരണം കുടുംബശ്രീ സി ഡി എസ്സിന്റെ നേതൃത്വത്തിലും മികച്ച പ്രവർത്തനങ്ങൾ നടന്നിട്ടു ്.

1 .മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന

നിരണം ഗ്രാമ പഞ്ചായത്തിലെ പത്താം വാർഡിൽ പ്രവർത്തിക്കുന്ന 11 അയൽക്കൂട്ടങ്ങളിലെ കുടുംബശ്രീ അംഗങ്ങളും വാർഡ് മെമ്പറും ചേർന്ന് 10000 രൂപ ജില്ലാ കളക്ടർ ശ്രീ പി ബി നൂഹിന് കൈമാറി



2 .കമ്മ്യൂണിറ്റി കിച്ചൺ  ജനകീയ ഹോട്ടലിലൂടെ ഭക്ഷണം

സംസ്ഥാനത്ത് ലോക്ക് ഡൌൺ പ്രഖ്യാപിച്ചതിനു ശേഷം 27 മുതൽ കുടുംബശ്രീ സംരംഭമായ സഖി കഫെയിൽ കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം ആരംഭിച്ചു .ഗ്രാമപഞ്ചായത്തിലെ ആളുകൾക്ക് ഭക്ഷണത്തിനു ബുദ്ധിമുട്ടു   ാവാതിരിക്കാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു .കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം അവസാനിച്ച ശേഷം സഖി കഫേ ജനകീയ ഹോട്ടലായിട്ട് പ്രവർത്തിക്കാനും പഞ്ചായത്ത് അനുമതി കൊടുത്തു



3. സപ്ലൈക്കോ സഞ്ചി നിർമാണം

ലോക്ക് ഡൌൺ  കാലത്ത് സർക്കാർ സൗജന്യമായ് സപ്ലൈക്കോവഴി നൽകുന്ന  കിറ്റ് നൽകാനുള്ള സഞ്ചികൾ നിർമിക്കാൻ കുടുംബശ്രീക്കാണ് അവസരം ലഭിച്ചത് ,നിരണം സി ഡി എസ്സിൽ പ്രവർത്തിക്കുന്ന അനുഗ്രഹ ഗാർ മെൻറ്സ് 460 സഞ്ചികൾ നിർമിച്ചു നൽകി.



4 .മാസ്ക് നിർമാണം

കോവിഡ് 19 പ്രതിരോധത്തിൽ മുഖ്യ പങ്ക് വഹിക്കുന്നത് മാസ്കുകൾ ആണ്. കുടുംബശ്രീ യൂണിറ്റുകൾ മിതമായ വിലയ്ക് മാസ്കുകൾ തയ്ച്ചു നൽകുന്നു ˘ അനുഗ്രഹ ഗാർമെൻറ്സ˘, അഭിരാമി ടെയ്‌ലേഴ്സ് എന്നിവ ആയിരത്തിലധികം സഞ്ചികൾ വിൽപന നടത്തി .അനുഗ്രഹ ഗാർമെന്റ്സിനു 340 മാസ്ക് ഓർഡറുകൾ സപ്ലൈകോയിൽ നിന്നും 500 മാസ്കുകൾ പഞ്ചായത്തിൽ നിന്നും ലഭിച്ചു .

5 .മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ

കോവിഡ് 19 നെ തുടർന്ന് നിത്യ ചെലവ് ക   ത്താൻ പോലും വിഷമിക്കുന്ന കുടുംബശ്രീ അംഗങ്ങളെ സഹായിക്കാൻ വിഭാവനം ചെയ്ത പദ്ധതിയാണ് മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ പദ്ധതി (CMHLS).ഈ പദ്ധതി പ്രകാരം വായ്പ എടുക്കാൻ ഏകദേശം എൺപത്തി അഞ്ചോളം അയൽക്കൂട്ടങ്ങൾ മുന്നോട്ട് വന്നിട്ടു ˘ നാളിത് വരെ 4 അയൽക്കൂട്ടങ്ങൾക്ക് ബാങ്ക് കൾ വായ്പ അനുവദിക്കുകയും ചെയ്തു .



6 . കമ്മ്യൂണിറ്റി കിച്ചണിലേക്ക് സംഘകൃഷി ഉത്പന്നങ്ങൾ

കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചപ്പോൾ മുപ്പത്തി ര ് കുടുംബശ്രീ യൂണിറ്റുകൾ പച്ചക്കറി ഉത്പന്നങ്ങൾ സംഭാവന നൽകി.





7 . ജീവനി പദ്ധതി

എൻറെ  കൃഷി എന്റെ ആരോഗ്യം നിങ്ങളുടേതും , ജീവനി പദ്ധതി പ്രകാരം ലഭിച്ച പച്ചക്കറി വിത്തുകൾ എല്ലാ കുടുംബശ്രീ അംഗങ്ങളിലേക്ക് എത്തിക്കുകയും അവർ പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തു.



8. ബാലസഭ കുട്ടികളുടെ പ്രവർത്തനം

കോവിഡ് കാലത്ത്   ബാ ലസഭാ കുട്ടികൾ കുടുംബശ്രീ നിർദേശ പ്രകാരം വിവിധ പ്രവർത്തനങ്ങൾ നടത്തി .പച്ചക്കറി വിത്തുകൾ നടുകയും പാഴ് വസ്തുക്കൾ ഉപയോഗിച്ച കരകൗശല വസ്തക്കൽ നിർമിക്കുകയും ചെയ്ത കുട്ടികൾ ചിത്രരചനക്കായും സമയം ക    ത്തി.





9 . ക്ലോറിനേഷൻ

കോവിടുമായി ബന്ധ പെട്ട ശുചീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു .എല്ലാ വാർഡിലും ക്ലോറിനേഷൻ നടത്തി

സി ഡി എസ്  തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സി ഡി എസ് ചെയർപേഴ്സൻ ശ്രീമതി സുലോചന അപ്പുക്കുട്ടനും അക്കൗ    ന്റ് ശ്രീമതി ബിന്ദു എം ജി യും   എല്ലാ പ്രവർത്തനങ്ങളിലും മുൻപിൽ തന്നെ ഉ ്

സി ഡി സ് ചെയർപേഴ്സൺ : സുലോചന അപ്പുക്കുട്ടൻ(9747059406)